THE CONTRARIAN CONSULTANT

ടിനി ഫിലിപ്പ്

# ROI അധിഷ്ഠിത വളർച്ചാതന്ത്രം

## അനിവാര്യമാകുന്നത് എന്തുകൊണ്ട്?

**കോൺട്രേറിയൻ സമീപനം പിന്തുടർന്ന് ന്യായമായ വിൽപ്പന വളർച്ചയും മുടക്കുമുതലിന്മേൽ വരുമാനവും നേടാനുള്ള ചില തന്ത്രങ്ങൾ**

ബിസിനസിൽ വിജയിക്കാനാണ് എല്ലാ സംരംഭകരും ആഗ്രഹിക്കുന്നത്. ബിസിനസിൽ വിജയം നേടിയെടുക്കാൻ പല മാർഗങ്ങൾ ഉണ്ടാകുമെങ്കിലും അടിസ്ഥാനപരമായി രണ്ട് മൗലിക സമീപനങ്ങൾ മാത്രമേ അതിനുള്ളുവെന്ന് ഞാൻ വിശ്വസിക്കുന്നു.

ജനപ്രിയ സമീപനമെന്ന് ഞാൻ വിളിക്കുന്നതാണ് ഇതിൽ ആദ്യത്തേത്. ഭൂരിഭാഗം സംരംഭകരും ഇത് പിന്തുടരുന്നുവെന്ന് മാത്രമല്ല മാഗസിനുകളും പുസ്തകങ്ങളും ഇതിനെ ജനങ്ങളിലേക്ക് എത്തിക്കുകയും ഒട്ടേറെ മാനേജ്മെന്റ് വിദഗ്ധർ ഇത് പരിശീലിക്കുകയും ചെയ്യുന്നുണ്ട്. കോൺട്രേറിയൻ സമീപനമെന്ന് ഞാൻ വിളിക്കുന്നതാണ് മറ്റൊന്ന്. ഏതാനും സംരംഭകർ മാത്രമേ ഇത് പ്രാവർത്തികമാക്കിയിട്ടുള്ളൂ. കോൺട്രേറിയൻ സംരംഭകർ വിജയം കൈവരിക്കുന്നതിനായി ഉപയോഗിക്കുന്ന ഒരു സുപ്രധാന രീതിയാണ് ROI (Return On Investment) അധിഷ്ഠിത വളർച്ചാ തന്ത്രത്തെ പിന്തുടരുകയെന്നത്.

ROI അധിഷ്ഠിത വളർച്ചാതന്ത്രത്തിന്റെ വിശദാംശങ്ങൾ പരിശോധിക്കുന്നതിന് മുൻപ് ബിസിനസ് വിജയം എന്നതുകൊണ്ട് നമ്മൾ അർത്ഥമാക്കുന്നത് എന്താണെന്ന് നോക്കാം. വിജയത്തെ നിർവ്വചിക്കുക എളുപ്പമല്ല. ബിസിനസ് വിജയമെന്നത് വിവിധ ആളുകളെ സംബന്ധിച്ചിടത്തോളം വ്യത്യസ്തമായ കാര്യങ്ങളാണ്.

ഒരു A+ ഗ്രേഡ് കിട്ടുന്നതുപോലെ ആയിരിക്കണം ബിസിനസ് വിജയമെന്നത്. ബിസിനസിൽ A+ ഗ്രേഡ് കിട്ടുന്നതിനെ എങ്ങനെയാണ് നമുക്ക് നിർവചിക്കാനാകുക?

വിജയത്തെ നിർവ്വചിക്കുന്നതിന്റെ ആദ്യപടിയായി എന്താണ് വിജയം അല്ലാത്തതെന്ന് നമുക്ക് നോക്കാം.

### പരാജയ നിരക്ക് കൂടുതൽ

ബിസിനസിലെ പരാജയമെന്നത് തീർച്ചയായും ഒരു വിജയമല്ല. അതൊരു F ഗ്രേഡ് കിട്ടുന്നതിന് തുല്യമാണ്.

ബിസിനസിലെ പരാജയത്തിന്റെ നിരക്ക് നമുക്കൊന്ന് പരിശോധിക്കാം.

ചാർട്ട് -1ൽ നിന്നും കാണാൻ കഴിയുന്നതുപോലെ ബിസിനസിലെ പരാജയത്തിന്റെ നിരക്ക് അവിശ്വസനീയമായ തരത്തിൽ ഉയർന്നതാണ്. യു.എസ്. ഗവൺമെന്റിന്റെ കണക്ക് പ്രകാരം 1994ൽ ആരംഭിച്ച ബിസിനസുകളിൽ 80 ശതമാനത്തിലധികവും 21 വർഷത്തിനുള്ളിൽ പരാജയപ്പെട്ടു.

മറ്റൊരു വിധത്തിൽ പറഞ്ഞാൽ ചാർട്ട്-1ൽ കാണാൻ കഴിയുന്നതുപോലെ 1994ൽ ആരംഭിച്ച ബിസിനസുകളിൽ 20 ശതമാനത്തിൽ താഴെ മാത്രമേ 2015ൽ നിലനിൽക്കുന്നുള്ളൂ. 1994ന് പുറമേ മറ്റ് വർഷങ്ങളിൽ ആരംഭിച്ച ബിസിനസുകളുടെ കാര്യത്തിലും ഇതേ പ്രവണതയാണ്

ചാർട്ട് 1 - Survival Rates of Business




Source: US Bureau of Labour Statistics